

പവിത്രക്കെട്ട്

വള്ളുവനാട് ഉപസഭ-

നാന്ദീമുഖം..........

സാധാരണക്കാരായ മനുഷ്യരുടെ മനസ്സിന്റെ ഉള്ളറകളിൽ എരിയുന്ന ചില കനൽക്കട്ടകൾ! ഒന്നൂതിയപ്പോൾ പുറമേ തെളിഞ്ഞ ചില വിസ്ഫുലിംഗങ്ങൾ!അവയെ അതേപടി അവതരിപ്പിച്ചെന്നു മാത്രം.

-ഡോ.ബാബു മുണ്ടേക്കാട്
(ജനറൽ എഡിറ്റർ)

എഡിറ്റോറിയൽ ബോർഡ്

മുരളി മുണ്ടേക്കാട്
സുചിത്ര മുരളി
വിജയകുമാരി

ഉള്ളടക്കം		പേജ്
1. റിപ്പോർട്ട്-	സെക്രട്ടറി	4
2. സുമംഗലീ ഭവ	എം.എൻ .നമ്പൂതിരി	5
3. ചിത്രം	അരുൺ.പിഎം.	6
4. ഹൃദയവൃന്ദാവനം	വാസുദേവൻ.പി.എം.	7
5. ഓർമ്മകളിലൂടെ	മുരളി മുണ്ടേക്കാട്	8
6. സഭാപ്രവർത്തകരോട്	പി.എം.എസ്.നമ്പൂതിരി	9
7. ചിത്രം	അഞ്ജന പാലൊള്ളി	9
8. നീരുറവ	മഞ്ജരി മുണ്ടേക്കാട്	10
9. ഭക്തകവി പൂന്താനം	ശ്രീദേവി അവണൂർ	11
10. ചിത്രം	പൃഥ്വ നാരായണൻ	12
11. യതോധർമ്മസ്ഥതോജയ	ബാബുമുണ്ടേക്കാട്	13
12. പറിച്ചിട്ടും തീരാത്ത വെളുത്തരോമങ്ങൾ	ചിത്ര മുണ്ടേക്കാട്	14
13. വശംവദൻ	എം.എസ്.നമ്പൂതിരി	15
14. അമ്മ മലയാളം	വിഷ്ണു.പി.എം.	15
15. സുഭാഷിതം	അഞ്ജലി തച്ചിനേടം	15
16. മനുഷ്യപുത്രി	ബിന്ദു ചെറുമുക്ക്	16
17. ചിത്രം	പാർവ്വതി പാലൊള്ളി	16
18. റോഡപകടങ്ങളും പരിഹാരമാർഗ്ഗങ്ങളും	രചന പെരുമന	17
19. കുഞ്ഞുണ്ണിക്കൊരു താരാട്ട്	നന്ദിനി .കെ.എൻ.	17
20. തിരിഞ്ഞുനോക്കുമ്പോൾ	രമ്യ വാസുദേവൻ	18
21. നേരുണ്ണി	വിജയകുമാരി മുണ്ടേക്കാട്	19
22. ചിത്രം	കീർത്തന.പിഎം	19
23. മയക്കുമരുന്നുകൾക്കെതിരെ	ആതിര പെരുമന	20
24. നവമുകുളങ്ങൾക്കായ്	കൈരളി എൻ.എം.	21
25. കവിയുടെ വേദന	ലളിത തച്ചിനേടം	22
26. പഴഞ്ചൊല്ലുകൾ	ആതിര ചെറുമുക്ക്	22
27. ചിത്രം	രാമൻ നെന്മിനിശ്ശേരി	22
28. ഉപന്യാസരചന	അനശ്രീ.ചെറുമുക്ക്	23
29. മണിരത്നം	സജിത പാലുള്ളി	23
30. എന്റെ കുട്ടിക്കാലം	സുബ്രഹ്മണ്യൻ പാലൊള്ളി	24
31. ചിത്രം	ആതിര ചെറുമുക്ക്	24
32. നമ്മുടെ ആചാരങ്ങൾ.	നിർമ്മല പാലൊള്ളി	25

റിപ്പോർട്ട്

2006 ജൂലായിലാണ് വള്ളുവനാട് ഉപസഭ രൂപം കൊണ്ടത്.എരവിമംഗലം കേന്ദ്ര മാക്കി നമ്പൂതിരി ഇല്ലങ്ങളിലുള്ള അംഗങ്ങൾ യോജിച്ചുണ്ടാക്കിയ ഒരു ചെറിയ കൂട്ടായ്മയാണ് "വള്ളുവനാട് ഉപസഭ" എന്ന പേരിൽ മലപ്പുറംജില്ലായോഗക്ഷേമസഭയിൽ ചേർന്ന പ്രവർത്തനം ആരംഭിച്ചത്.നാലഞ്ചുകൊല്ലങ്ങളിലെ സജീവപ്രവർത്തനം പിന്നെ ,ഒട്ടൊന്ന മന്ദീഭവിച്ചു.2013 സെപ്തംബർ മാസം മുതൽ ഉപസഭയുടെ വനിതാവിഭാഗം ഊർജ്ജസ്വലമായി പ്രവർത്തനം പുനരാരംഭിച്ചു.എല്ലാമാസവും കൃത്യമായി ഒത്തുചേരാൻ ഒരു നിബന്ധന എന്നവണ്ണം ഒരു നറുക്ക കുറിയും തുടങ്ങി.അങ്ങനെ സഭയ്ക്കൊരു ഫണ്ടുണ്ടാകുകയും ചെയ്തു.ഈ ഫണ്ടിൽ നിന്ന് ഉന്നത വിജയം നേടിയ കുട്ടികൾക്കുള്ള ഉപഹാരങ്ങളും മറ്റും നൽകിയിരുന്നു.ഓരോ ഒത്തുകൂടലിലും പുതിയ ഓരോ കാര്യങ്ങൾ ചർച്ച ചെയ്യുകയും കുട്ടികളും വനിതകളും എന്തെങ്കിലും ഒരു വിഷയം അവതരിപ്പിക്കുകയും ചെയ്തു.അതിൽ ക്വിസ്,പാചകം,സംഗീതം,നിരൂപണം,അനുഭവങ്ങൾ എല്ലാം ഉൾപ്പെട്ടിരുന്നു.2014 സെപ്തംബറിൽ ഉപസഭാംഗങ്ങൾ ഒരുമിച്ചുകൂടി ഓണം ആഘോഷിച്ചു.അതു പോലെ തിരുവാതിര ആഘോഷവും കേമമാക്കി അംഗങ്ങൾ കൂട്ടായ്മയുടെ സന്തോഷം പങ്കുവെച്ചു. തിരുവാതിരയോടനുബന്ധിച്ച് തിരുവൈരാണിക്കുളം ക്ഷേത്രദർശനം,കർക്കിടകമാസത്തിലെ നാലമ്പലദർശനം ഇവയും എടുത്തുപറയേണ്ട കാര്യങ്ങളാണ്.

2015 മുതൽ ഉപസഭ പൂർണ്ണരൂപത്തിൽ പ്രവർത്തനം സജീവമാക്കി.യുവജനസഭയുടെ അംഗങ്ങളും തൽപ്പരരായവരുമുതൽ സഭാപ്രവർത്തനത്തിന്റെ വ്യാപ്തി വർദ്ധിച്ചു.ഇന്ന് മാതൃസഭയുടെ ജനറൽ മീറ്റിങ്ങുകൾ ഒന്നിടവിട്ട മാസങ്ങളിൽ നടത്തുകയും കൂട്ടായ്മയുടെ ഊർജ്ജം അംഗങ്ങൾ അനുഭവിച്ചറിയുകയും ചെയ്യുന്നുണ്ട്.2015 ലെ യോഗാദിനത്തോടനുബന്ധിച്ച് യോഗാപ്രാധാന്യ ത്തെപ്പറ്റി ഒരു സ്റ്റഡീക്ലാസ് നടത്തുകയും എല്ലാ ശനിയാഴ്ച്ചകളിലും വൈകുന്നേരം യോഗാക്ലാസ് നടത്തുകയും ചെയ്യുന്നു.

സമുദായത്തിന്റെ പൊതുപ്രശ്നങ്ങളും സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളും സഭയിൽ ചർച്ച ചെയ്തുകൊണ്ട് ,മീറ്റിങ്ങുകൾ സജീവമാക്കാറുണ്ട്.മാത്രമല്ല ജില്ലാടിസ്ഥാനത്തിൽ സംഘടി പ്പിക്കുന്ന കലാ-കായിക മത്സരങ്ങളിൽ വള്ളുവനാട് ഉപസഭാംഗങ്ങളുടെ പങ്കാളിത്തവും സഹകര ണവും എന്നുമുണ്ടാകാറുണ്ട്.കൂടുതൽ ഭംഗിയായി സഭാപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ എല്ലാ അംഗങ്ങൾക്കും കഴിയട്ടെ എന്ന പ്രാർത്ഥിച്ചുകൊണ്ടു നിർത്തുന്നു.

ആശംസകളോടെ

എരവിമംഗലം
17.9.2015

സെക്രട്ടറി
സുചിത്ര മുണ്ടേക്കാട്







സുമംഗലീ ഭവ

-എം.എൻ.നമ്പൂതിരി



ഉച്ചയൂണ കഴിഞ്ഞു മയങ്ങിക്കിടക്കമ്പോൾ അയാൾ അവളെക്കുറിച്ചോർത്തു. എന്താണവളുടെ പേരെന്ന് ഓർമ്മയിൽ വരുന്നില്ല.വയസ്സേറിവന്നതോടെ കഴിഞ്ഞ കാര്യങ്ങൾ വ്യക്തമായി ഓർമ്മിക്കാനാവുന്നില്ല. എന്നാലും അവളെക്കുറിച്ചുള്ള ഓർമ്മ മനസ്സിൽ നിന്ന് മാഞ്ഞുപോയിട്ടില്ല.

കട്ടിലിൽ അയാൾ വലത്തോട്ടു തിരിഞ്ഞുകിടന്ന് ഫാനിന്റെ സ്വിച്ച് ഓൺ ചെയ്തു.അതിനൊരു സുഖകരമായ സംഗീതമുണ്ട്ഒരു താളലയമുണ്ട്.അതുകേട്ടുകിടന്നാൽ അമ്മ കുട്ടിക്കാലത്ത് താരാട്ടുപാടിയുറക്കുന്ന പോലെയാണ്.കേട്ട് കേട്ട് മയങ്ങിക്കിടക്കും. പക്ഷെ ഇന്നു മയക്കം വരുന്നില്ല.ആശുപത്രിയിലെ ഓർമ്മകൾ മനസ്സിൽ വന്ന് നിറയുന്നു.

അയാൾക്ക് ആശുപത്രിയെ ഭയമായിരുന്നു. എന്നിട്ടും അഞ്ചുദിവസം അവിടെ കിടക്കേണ്ടിവന്നു.ആശുപത്രിയെ ഭയക്കാനുള്ള സംഭവങ്ങളൊന്നും കുട്ടിക്കാലത്തുണ്ടായിട്ടില്ല.ദീനം വന്നാൽ കഷായം കുടിക്കും.പതിനഞ്ചാംവയസ്സിലാണ് ഒരിഞ്ചക്ഷൻ എടുക്കുന്നത്.ദേഹത്താകെ ചൊറി.ഇഞ്ചക്ഷൻ എടുക്കുമ്പോൾ ഒരുറുമ്പു കടിക്കുന്ന വേദന.ചൊറി നിശ്ശേഷം മാറി.എന്നാൽ ആശുപത്രിയേയും ഡോക്ടർമാരേയും അയാൾക്ക് ഭയമായിരുന്നു.ഈ ഭയത്തിന്റെ കാരണം കണ്ടെത്താൻ അയാൾക്ക് കഴിഞ്ഞിരുന്നില്ല.

അയാൾകിടന്നത്ടൗണിലെവലിയആശുപത്രിയിലായി രുന്നു.802ാംമുറി.ഓപ്പറേഷൻ തിയേറ്ററിലേക്ക് സ്ട്രക്ചറിൽ കിടത്തി കൊണ്ടുപോകുമ്പോൾ ബോധം ഏതാണ്ട് നശിച്ചിരുന്നു.ഒരു ജീവഛവം പോലെ കിടന്ന അയാളുടെ നട്ടെല്ലിൽ ഇൻഞ്ചക്ഷനെടുക്കുകയാണെന്ന് പറഞ്ഞത് മാത്രം ഓർമ്മയുണ്ട്.പിന്നെഒരുദിവസം കഴിഞ്ഞാണ് ഓർമ്മ വന്നത്. അപ്പോൾ ഗ്ലൂക്കോസ് കയറ്റുകയാണ്.

പിറ്റേദിവസമാണ് അവൾ വന്നത്.അയാൾ പത്രം വായിക്കുകയായിരുന്നു. "അച്ചാ" എന്ന വിളികേട്ട് തലയുയർത്തി.അയാളുടെ പേരക്കുട്ടിയാവാൻ മാത്രം പ്രായമുള്ള ഒരു പെൺകുട്ടിയാണ്.ആശുപത്രി നേഴ്സിന്റെ യൂനിഫോറം.കയ്യിൽഒരു പാഡുമുണ്ട്."ഞാൻ ചില ചോദ്യങ്ങൾ ചോദിക്കും.അച്ചൻ മറുപടി പറയണം." "അച്ചന് എന്താണ് അസുഖം? ഓപ്പറേഷൻ കഴിഞ്ഞിട്ട് എത്ര ദിവസമായി? അസുഖത്തിന് എത്ര പഴക്കമുണ്ട്? ....കുട്ടച്ചോദ്യങ്ങൾ കേട്ടപ്പോൾ അയാൾക്കരിശം തോന്നി.അതു പ്രകടിപ്പിക്കാതെഅവളുടെ മുഖത്തേക്ക് നോക്കിയിരുന്നു.ആ നീരസം അവൾ മനസ്സിലാക്കി യെന്നു തോന്നുന്നു.ചോദ്യങ്ങൾ നിർത്തി. പിന്നെപ്പിന്നെ അവളെക്കാണുമ്പോൾ തന്റെ പേരക്കുട്ടിയെയാണ് അയാൾക്ക് ഓർമ്മ വരിക.

അവൾ പറയാൻ തുടങ്ങി.'' ഞാൻ നഴ് സിങ്ങ് പരിശീലനത്തിലാണ്.ഇനി ഒരു കൊല്ലം കൂടിയുണ്ട്.പരിശീലനത്തിന്റെ ഭാഗമായി ഒരു രോഗിയുടെ എല്ലാ കാര്യങ്ങളും മനസ്സിലാക്കി ഉത്തരമെഴുതി പരീക്ഷകനു കൊടുക്കണം.അച്ചൻ സഹകരിക്കണം .എനിക്ക് ഈ പരീക്ഷയിൽ ജയിച്ചേപറ്റൂ.” അയാളുടെ നീരസഭാവംഎങ്ങോ പോയ്മറഞ്ഞു.അയാൾ എല്ലാറ്റിനും വ്യക്തമായി ഉത്തരം പറഞ്ഞു. “മോൾ ഇരുന്നെഴുതിക്കോ". “അയ്യോഞങ്ങൾക്കിരുന്നെഴുതാൻ പാടില്ല"

പിന്നെ കാണുന്നത് രണ്ടു ദിവസം കഴിഞ്ഞാണ്.ആവശ്യപ്പെടാതെതന്നെ അവൾ തന്റെകഥ പറഞ്ഞു.അച്ഛനും അമ്മയും ചേച്ചിയും അദ്ധ്യാപകരാണ്.സ്വന്തമായി ഒരു

എൽ.പി.സ്കൂളുമുണ്ട്.എന്താ മോൾ ടീച്ചറാവാതിരുന്നത്?രോഗികളെ പരിചരിക്കാൻ എനിയ്ക്കിഷ്ടമാണ് അവളുടെ ഉത്തരം അതായിരുന്നു.

അത് ശരിയാണെന്ന് അടുത്ത ദിവസം തന്നെ ബോദ്ധ്യപ്പെട്ടു.അയാളെ പിടിച്ചെഴുന്നേല്പിച്ച് ശരീരം മുഴുവൻ തുടച്ചു വൃത്തിയാക്കി.റൂമിലെ സാധനങ്ങൾ ഒതുക്കിവെച്ചു.സന്തോഷ ത്തോ ടെയാണ് ആ പ്രവൃത്തിചെയ്യുന്നതെന്നും അയാൾ ശ്രദ്ധിച്ചു.


ഇന്നാണ് ഡിസ്ച്ചാർജ് ചെയ്യുന്നത്. അവൾ വന്നു. "അടുത്താഴ്ച്ച ഞാനും മറ്റൊരാ ശുപത്രി യിലാണ്. ഞാനൊന്നു ചോദിച്ചോട്ടെ... ഞാൻ സ്നേഹിക്കുന്ന ആളെത്തന്നെ എനിയ്ക്ക് വിവാഹം കഴിക്കാൻ സാധിക്കുമോ?" ഹസ്തരേഖാശാസ്ത്രത്തെക്കുറിച്ച് ഒരു സുഹൃത്തിനോട് പറഞ്ഞത് അവളും കേട്ടിരിക്കാം. ഇടതുകൈ നീട്ടി തന്റെ മുന്നിൽ ആകാംക്ഷയോടെ നില്ക്കുന്ന പെൺകുട്ടിയുടെ കൈ തിരിച്ചും മറിച്ചും നോക്കി.പരിമിതമായ അറിവേആ ശാസ്ത്രത്തിൽ അയാൾക്കുള്ളു.എന്തു പറയണം? "നീ സ്നേഹിക്കുന്നവനെതന്നെ വീട്ടുകാർ നിനക്കുവേണ്ടി കണ്ടെ ത്തും"വികാരവിക്ഷോഭം കൊണ്ടു വീർപ്പു മുട്ടിയ അവൾ നീർത്തിപ്പിടിച്ച അവളുടെ കൈവെള്ളയിൽ തെരുതെരെചുണ്ടമർത്തി.എന്നിട്ട് പുറത്തേ ക്കോടി. വാതില്ക്കലെത്തി ഒന്നു തിരിഞ്ഞുനിന്നു. ഓടിവന്ന് കുനിഞ്ഞ് നിന്ന് അയാളുടെ രണ്ടുകാലും തൊട്ടു തലയിൽ വെച്ചു. സുമംഗലീ ഭവ.അയാൾ തലയിൽ കൈവച്ചനുഗ്രഹിച്ചു. അപ്പോൾഅയാളുടെ മനസ്സിൽ കുട്ടിക്കാലം മുതൽ കുടിയേറിപ്പാർത്തിരുന്ന ആ ഭയത്തിന്റെ പിടിമുറുക്കം അയയുന്നതായി തോന്നി.





ഹൃദയവൃന്ദാവനം

വാസുദേവൻ.പി.എം.പാലൊള്ളി



കാളിന്ദി തന്നുടെ ഓളങ്ങളെപ്പോഴും
ഗോവിന്ദനാമം ജപിച്ചിടുന്നു.
സാനന്ദമോരോന്നു ചൊല്ലിത്തുടങ്ങുന്നി-
താ വൃന്ദവാടിയിൽ കോകിലങ്ങൾ
ആനന്ദരൂപന്റെ വരവായതാ നന്ദ-
ഗോവൃന്ദമെല്ലാം നിരന്നിടുന്നു.
ഹാ നന്ദനന്ദനൻ വന്നിടുന്നു നവ
രാഗങ്ങളോരോന്നു കേട്ടിടുന്നു.
ആദിത്യരശ്മികൾ ശീതളമാകുന്നു
ആമന്ദമെത്തുന്നു മാരുതനും
പാരിജാതദ്രുമം ശാഖകൾ താഴ്ത്തുന്നു
കാറൊളിവർണ്ണനിരിക്കുവാനായ്
കണ്ണന്റെ പാദപാംസുക്കളേറ്റീടുവാൻ
വെമ്പൽ കൊണ്ടീടുന്നു പുൽനാമ്പുകൾ
മത്സരിച്ചങ്ങതാ താഴോട്ടുപോരുന്നു
മെത്തയൊരുക്കിടാൻ കുന്ദജാലം
വല്ലികൾ പൂത്തുലഞ്ഞാടുന്നിതാ മണി
വർണ്ണനു സ്വാഗതമേകിടുന്നു
പീലികൾ കൃഷ്ണപാദാരവിന്ദങ്ങളിൽ
അർപ്പിക്കാനെത്തുന്നു കേകീദളം
ഹൃദയമാംവൃന്ദാവനത്തിലേക്കെത്തുകെ-
ന്നോമനപ്പൈതലേ വാസുദേവാ.....





ഓർമ്മകളിലൂടെ.....



-മുരളിമുണ്ടേക്കാട്

അലസത പൂർണ്ണമായും ആസ്വദിച്ചുകൊണ്ട് മുന്നിലെ ഈസിചെയറിൽ കിടന്ന് ഒരു കപ്പ ചായയുമായി സമയം നീക്കുന്നത് എനിക്കേറ്റവും പ്രിയപ്പെട്ടതാണ്.ഈ പരമാനന്ദാവസ്ഥയുടെ സുഖം ഒന്നു വേറെ തന്നെയാണ്.ഭാര്യയുമായി അടിപിടിയും ആക്രോശങ്ങളും ഒന്നുമുണ്ടാകാത്ത ദിവസങ്ങളാണെങ്കിൽ അല്പം കൊച്ചു വർത്തമാനങ്ങൾ കൂടിയാകുമ്പോൾ ദിവസ ത്തിന്റെ സുഖം കൂടും.ഇടക്ക് അലസമായി പേപ്പറോ ആഴ്ച്ചപ്പതിപ്പോ മറിച്ചു നോക്കും. ഇങ്ങനെ യുള്ള ഒരു നല്ല ദിവസമാണ് ഇന്ന്.കയ്യിലെടുത്ത പേപ്പറിൽ കണ്ണുടക്കിയത് നിലവിളക്ക് വിവാദ ത്തിൽ! വിളക്ക് കൊളുത്തുന്നത് ചില മന്ത്രിമാർക്ക് അപ്രിയം...ചിലർക്ക് പ്രിയം...വായിക്കാൻ തുടങ്ങിയ വിവാദത്തിന് cut off പറഞ്ഞതുപോലെ പെട്ടെന്ന് കറന്റ് കട്ട്! "ഒരു ഇൻവെർട്ടർ വെക്കാൻ ഞാൻ എത്ര പറഞ്ഞതാ.. കേൾക്കില്ലെങ്കിൽ എന്തു ചെയ്യും?" ഭാര്യയുടെ കമന്റ്.പിശുക്കൻ എന്ന് ഭാര്യ മനസ്സിൽ പറഞ്ഞത് ഞാൻ കേട്ടു തല്ക്കാലം വല്ല വിളക്കും കൊളുത്തിവെക്കാൻ നോക്ക് എന്ന് ഞാൻ പറഞ്ഞെങ്കിലും ഉടനടി കേൾക്കാൻ ഭാവ മില്ലാത്ത മട്ടിൽ ഭാര്യയും അമർ ന്നിരുന്നു. ചുറ്റും ഇരുട്ടായപ്പോൾ എന്റെ മനസ്സ് പോയത് 50 കൊല്ലം മുൻപത്തെ കുട്ടിക്കാലത്തേ ക്കാണ്. Electricity എന്ന മഹാത്ഭുതത്തെക്കുറിച്ച് അറിയാത്തതുകൊണ്ട് പവർകട്ടിനെക്കുറിച്ച് ആരും വേവലാതിപ്പെടാത്ത കാലം!

സന്ധ്യക്കുമുമ്പെ വിളക്കുകൾ തുടച്ച് ശരിയാക്കാൻ തുടങ്ങുന്ന കാര്യസ്ഥൻ കൃഷ്ണൻകുട്ടി നായർ എന്റെ മനസ്സിൽ തെളിഞ്ഞുവന്നു.കമ്പിറാന്തൽ-എന്ന വിളക്കാണ് അന്നത്തെ രാജാവ്. കയ്യിൽ ഒരു തുണി ചുറ്റി ഒരു പ്രത്യേക താളത്തോടെ ഗ്ലാസൊക്കെ തെളുതെളാ മിനുക്കി വിളക്കി ന്റെ ചെവിയൊന്നുപിടിച്ച് ഒരു ടെക്നീഷ്യന്റെ ഭാവ ത്തോടെ ചെയ്തു ശരിയാക്കിയ ശേഷമെ കൊളുത്തൽ പരിപാടി തുടങ്ങൂ.പുറത്തു പോകുന്നവർക്കെ കമ്പിറാന്തൽ ഉള്ളൂ.മുത്തശ്ശന്റെ കമ്പി റാന്തൽ തെളിഞ്ഞുകത്തുന്നതും സുന്ദരനും ആയിരുന്നു.കാര്യസ്ഥനുള്ള കമ്പിറാന്തൽ ഒരു കുടവയറ ൻ തലങ്ങും വിലങ്ങും പുണ്ണുലിട്ടു നില്ക്കുന്നപോലെ..വിളക്കുകളുടെ കൂട്ടത്തിൽചിലർ രോഗിക ളായിരുന്നു. വളരെ പരിതാപകരമായി കത്തുന്നവരും ചാട്ടക്കാരും ചക്രശ്വാസം വലിക്കുന്നവരും ഉണ്ടായിരുന്നു.എന്തായാലും 6 മണി കഴിയുന്നതോടെ ഇങ്ങനെ നാലഞ്ചു വിളക്കുകൾ തങ്ങളുടെ ഡ്യൂട്ടിക്ക തയ്യാറായി തെക്കുപുറത്തെ പടിയിൽ നിരന്നിരിക്കുന്നുണ്ടാകും.അകത്ത് മുത്തശ്ശിയുടെ ഉത്തരവാദിത്ത്വത്തിൽ കോലുവിളക്കുകളെന്ന കുട്ടിക്കാവുകളും തയ്യാ റാകും.അകത്തളങ്ങളിൽ ഇവരാണ് രാത്രിയിലെ വഴികാട്ടികൾ.ഒരു കൊച്ചുകുട്ടിയെ ഉണക്ക കൂട്ടിയപോലെ കോലുവിളക്ക മായി മുത്തശ്ശി നാലിറയത്തിലൂടെ അന്തിത്തിരി വെച്ച് നടുമിറ്റം വെളിച്ചം നിറക്കുമ്പോൾ ഞങ്ങൾ കുട്ടികൾ നാമജപത്തിന് വടക്കിനിയിൽ എത്തണം. വടക്കിനി മുഴുവൻ നിലവിളക്കുകളുടെ സാമ്രാ ജ്യമാണ്. ഭഗവാനും-പൂക്കളും-ചന്ദനവും-നിലവിളക്കും എല്ലാം കൂടി ഒരു സാത്വിക വെളിച്ചം വട ക്കിനിയിൽ നിറഞ്ഞിരിക്കും.

8 മണിയാകുമ്പോഴേക്കും ഊണിനിറങ്ങാൻ സമയമാകും. അവിടെ നമ്മുടെ വെളിച്ചക്കാരൻ-മാടമ്പി- എന്ന വിദ്വാ നാണ്.ദീർഘകായനായ മാടമ്പിക്ക ചുറ്റും-കെഴക്കിണി -എന്ന ഡൈനിങ്ങ് ഹാളിലിരുന്ന്ഊണ കഴിക്കുമ്പോൾ മഴയും കാറ്റും മാടമ്പിവിളക്കിനോട് യുദ്ധം ചെയ്യാറുണ്ട്. വീശിയടിക്കുന്ന തണുത്ത കാറ്റിനെഎതിർത്ത് തോൽപ്പി ക്കാൻ തിരി ഉയർത്തിയും മറ്റും മുത്തശ്ശി മാടമ്പിയെ സഹായിക്കും.ചൂടുള്ള ചോറും അതിലുംചൂടുള്ള മുതിരക്കൂട്ടാനും ഉപ്പുമാങ്ങയും ചുട്ട പപ്പട വുമായി-രാത്രിഭക്ഷണത്തിന്റെ കുട്ടികളുടെ പന്തി,വലിയവരുടെപന്തി,അമ്മമാരുടെ പന്തി തുടങ്ങി അവസാനത്തിലെത്തുമ്പോഴേക്കും മാടമ്പിയും ക്ഷീണിതനായി കഴിഞ്ഞിരിക്കും.

ഊണ കഴിഞ്ഞ് അല്പം പഠിച്ചില്ലെങ്കിൽ അമ്മയുടെ ചീത്ത കേൾക്കുമെന്നതിനാൽ പഠിക്കാൻ വേണ്ട വിളക്കിനെ തയ്യാറാക്കലാണ് അടുത്ത പരിപാടി.അന്നത്തെ ലക്ഷ്വറി വിളക്കാ ണ് ടേബിൾ ലാമ്പ് .ഓട്ടുകമ്പനിയിലെ പുകക്കുഴൽ പോലെ ഉയർന്നുനില്ക്കുന്ന ഗ്ലാസോട്ടുകൂടിയ ഇവൻ അല്പം മോഡേൺ.അല്പം കൂടുതൽ വെളിച്ചം തരുന്നവൻ.അകത്ത് സഹായിക്കാൻ നിന്നി രുന്ന സ്ത്രീകളുടെ

കയ്യിൽ-മുട്ടകവിളക്ക്- എന്ന ഒരു കുട്ടിത്താനുമുണ്ടായി രുന്നു. കരിയും പുകയു മായി ക്കഴിഞ്ഞിരുന്ന സ്ത്രീകളെപ്പോലെതന്നെ- അതിനോട് എല്ലാവർക്കും ഒരു പുച്ഛമായിരുന്നു. എങ്കിലും രാത്രി മുഴുവൻ തറവാടിന്റെ അകത്തളങ്ങളിൽ വെളിച്ചം നൽകി തന്റെ സാന്നിദ്ധ്യം അറിയി ച്ചി രുന്നു. ഇതൊന്നും കൂടാതെ ഞാൻ കണ്ട അത്ഭുതവിളക്കാണ് "ഗ്ലാസ് വിളക്ക്".പെരുമന അമ്മാമ ൻ എന്ന കാരണവർ ഇതുമായിനടന്നിരുന്നത് ഒരത്ഭുതകാഴ്ച്ചയായിരുന്നു.ഒരു കൊച്ചുഗ്ലാസിൽ ഒരു തിരി വെളിച്ചം.9 മണിയോടെ ഞങ്ങൾ കിടക്കാൻ പത്തായപ്പുരയിലേക്കു പോകുമ്പോൾ വെളിച്ചം കാട്ടുന്നതോടെ കാര്യസ്ഥൻ വിളക്കിന്റെ ഡ്യൂട്ടി കഴിഞ്ഞു. പിന്നെ ശാന്തം. .പെട്ടെന്ന് CFL എന്ന ആധുനികൻ എന്റെ പഴയ ഓർമ്മകളെ അടിച്ചിരുത്തി.വീണ്ടും 2015 ലേക്ക്.ഒരുമൂളിപ്പാട്ടോടെ അകത്തേക്ക്....



സഭാപ്രവർത്തകരോട്

എരവിമംഗലത്തെ വള്ളുവനാട് ഉപസഭ ഒരു മാസിക പ്രസിദ്ധീകരിക്കുന്നു. അതിലേക്ക് ഒരു ലേഖനം വേണം എന്നാവശ്യപ്പെട്ടപ്പോൾ എന്റെ മനസ്സിൽ കയറിവന്ന ചില ചിന്തകളാണ് താഴെ കുറിക്കുന്നത് .സമൂഹത്തിലുള്ള എല്ലാതരം വിദ്യാഭ്യാസത്തിലും നാം ശ്രദ്ധിക്കണം. പാചകം, കച്ചവടം,തുന്നൽ...... തുടങ്ങി സമൂഹവുമായി ബന്ധമുള്ള എല്ലാ കാര്യങ്ങളും അറിഞ്ഞിരിക്കണം. ആധു നിക വിദ്യാഭ്യാസം കലത്തൊഴിലിനൊപ്പം നേടാൻ ശ്രമിക്കണം. ശാന്തി അഭിമാനകരമായ പ്രവൃത്തി യാണെന്നുള്ള ബോധം ഉണ്ടാകണം.വിവാഹപരസ്യങ്ങളിൽ "ശാന്തിക്കാരുമാകാം" എന്നു പിലപ്പോൾ കാണാറുണ്ട്. ശാന്തിയോടുള്ള പലരുടേയും മനോഭാവം ഇതിൽനിന്നറിയാം. എല്ലാവർക്കും ഗവണ്മേന്റ് ജോലി കിട്ടി എന്നു വരില്ല. സ്ത്രീകൾക്കും വരുമാനമുണ്ടെങ്കിലേ ഇന്ന് ജീവിക്കാൻ കഴിയൂ. സമൂഹമായി ബന്ധപ്പെടുന്ന ഒരു ജീവിതം-അതുകൊണ്ടുതന്നെ എല്ലാകാര്യങ്ങളിലും പരിമിതമായ വൈദഗ്ദ്ധ്യം നാം നേടിയേ പറ്റൂ. സഭയിൽ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് പ്രായോഗികതലത്തിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.ദീർഘവീക്ഷണമുള്ള നേതൃത്വവും പ്രവർത്തനവും ഒത്തൊരു മിക്കുമ്പോഴാണ് യോഗക്ഷേമസഭയുടെ പ്രസക്തി സമൂഹത്തിൽ ബോധ്യപ്പെടുന്നത്.

ആശംസകളോടെ

-പി.എം.എസ്.നമ്പൂതിരി,പാലൊള്ളി മന



അഞ്ജന പാലൊള്ളി



നീരുറവ

-മഞ്ജരി മുണ്ടേക്കാട്

പതിവുപോലെ മഴയുടെ മൗഢ്യഭാവം.ഉറക്കച്ചടവുള്ള കണ്ണുകൾ.പതുക്കെ കാലുകൾ കട്ടിലിൽ നിന്ന് ഊർന്നിറങ്ങവെ എന്തോ മറന്നെന്ന ഭാവത്തിൽ തലേന്ന് വല്ല്യമ്മ പറഞ്ഞുതന്ന ശ്ളോകം ഉരുവിട്ടുകൊണ്ട് നിലം തൊട്ടു തലയിൽ വെച്ചു. "ആ...എണീറ്റ്വോ..."മുത്തശിയുടെ ചോദ്യത്തിന് തലയാട്ടുംമുമ്പെ വടക്ക്വോറത്ത്ന്ന് അമ്മയുടെ പല്ലുതേക്കാനുള്ള നിർദ്ദേശം. " വാവേ അരഗ്ലാസ് ചായ എട്ത്ത്ട്ട് വാ... '' പൂമോത്ത് പത്രത്തിൽ നിന്നും കണ്ണെടുക്കാടെയുള്ള അച്ഛന്റെ വിളി.മുത്തശ്ശി എടുത്തു തന്ന ചായഗ്ലാസുമായി പൂമുഖത്തേക്ക് ഓടി. മഴ ചെറുതായി ചാറുന്നുണ്ട്.കൂടെ മുത്തശ്ശന്റെ ജപവും. പത്താംക്ലാസിന്റെ മുറവിളികളുമായി ചേച്ചി സ്ഥലം വിട്ടിരിക്കുന്നു.കുളി കഴിഞ്ഞ് മുകളി ലേക്ക് കയറി .യൂനിഫോം ഇട്ട് മുടി ചീകാൻ കണ്ണാടിയുടെ മുന്നിലേക്ക്.ജനലഴിയിലൂടെ മുറ്റമൊന്നു നോക്കി.മഴയായതുകൊണ്ട് ലക്ഷ്മുട്ട്യമ്മേടെ പതിവ് അടിച്ചു വാരലൊന്നും നടന്നിട്ടില്ല.ഇന്നലെ ഉണ്ടാക്കിയ തോണി നനഞ്ഞു കുതിർന്നു കിടക്കുന്നുണ്ട്.ഒരുക്കമൊക്കെ കഴിഞ്ഞ് കോണിപ്പടികളി റങ്ങി വേഗം അടുക്കളയിലേക്ക്.... മുത്തശ്ശിയുടെ സ്നേഹം ചേർത്ത ദോശകൾ....1...2..3...ചട്ണിയു ടേയും സാമ്പാറിന്റേയും അകമ്പടിയോടെ..കുട നിവർത്തി .ബേഗെടുത്തിറങ്ങിയപ്പോഴെക്കും മനുവും ശ്യാമും മറ്റുള്ളവരും പടിക്കലെത്തി.പതിവു പഞ്ചിരികൾകൈമാറിക്കൊണ്ട് ശില്പയുടെ വീട്ടിലേക്ക്. കുഞ്ഞിപ്പെരയുംകടന്ന് ചാലിലെ വെള്ളം തട്ടിത്തെറിപ്പിച്ച് നടന്നു. കാളിയും ചാത്തനും ഇന്ന് നേരത്തെ ആടിനെ മേക്കാൻ ഇറങ്ങിയോ? .സുശിലക്കും സുനിലിനും മഴ ബാധിച്ചിട്ടില്ലെന്നു തോന്നു ന്നു.പാലുള്ളിപ്പടിക്കലെത്തിയപ്പോഴേക്കുംനീരുറവകളുടെ സംഗമം വളഞ്ഞും പുളഞ്ഞുമുള്ള യാത്ര. പ്ധോം... കൈകുത്തി നിലത്ത്. "അമ്മേ "എന്നു വിളിച്ചു പോയി.ശോഭമ്മായിയും പാൽക്കാരൻ വിജയനും അജാസ് കാക്കുവിന്റെ വാപ്പയും.. അയൽക്കാരെല്ലാം ഒത്തു കൂടി.തേങ്ങലുകൾക്കൊപ്പം നീർത്തുള്ളികൾ ധാര ധാരയായി ഒഴുകുന്നുണ്ട് . "കൈയ്യിത്തിരി ഒന്ന് പൊട്ടിണ്ട്ന്ന് തോന്ന്ണ്'" സ്വകാര്യങ്ങൾ മഴയുടെ കാഠിന്യ ത്തിലും കേട്ടു. പരിവാരങ്ങളോടെ വീണ്ടും ഇല്ലത്തേക്ക്. അച്ഛനും അമ്മയും അവരവരുടെ കുട്ടികളിലേക്ക് പോയിരിക്കുന്നു.മുത്തശ്ശി യുടെ ഗദ്ഗദം നിറഞ്ഞ ഫോൺ വിളി.വല്ല്യച്ഛനും വല്ല്യമ്മയും കാറുമായി ഓടിയെത്തി .വല്ല്യമ്മയുടെ സാന്ത്വനങ്ങൾ കേട്ട് മടിയിൽ തല വെച്ച് ഹോസ്പ്പിറ്റലിലേക്ക്. വെള്ളവസ്ത്രധാരികളാണ് ച്ചുറ്റും .വല്ലാത്തൊരു പേടി ."സൂചി വെയ്ക്കോ?"....ഏയ് ...ഇവിടെ സൂചിയൊന്നും ഇല്ല.പുഞ്ചിരിയിൽ കുതിർന്ന ഡോക്ടറുടെ മറുപടി. പറഞ്ഞുതീരും മുമ്പെ വെള്ളപ്രാവുകൾ കൈപിടിച്ച് ഒറ്റ വലി "അമ്മേ"... വേദനകൊണ്ടുള്ള നില വിളി. വല്ല്യമ്മ ഓടിയെത്തി .കയ്യിലൊരു കെട്ടുമായി പുറത്തേക്ക്.....ആശുപത്രി മുറിയിലെ കട്ടിലിൽ പച്ചപ്പുതപ്പിനു മുകളിൽ ചുമ്മം പടിഞ്ഞിരിക്കുമ്പോൾ വാതിൽക്കൽ ഒരു പരിചിത മുഖം. .പാലക്കാട്ടുള്ള രവിയമ്മാമൻ .പരുക്കൻ കൈകൾ കൊണ്ട് ഒരു തലോടൽ .പിന്നെ അഞ്ചു ഫൈവ് സ്റ്റാറുകളും.കണ്ണീരിന്റെ നീരുറവയ്ക്ക് മധുരം കലർന്ന ഉപ്പു രസം...

വേദന വീണ്ടും തലപൊക്കിതുടങ്ങിയിരിക്കുന്നു."വാവേ" ...ഏറെ നേരമായി കാണാൻ കൊതിച്ച മുഖം. "സാരല്ല്യ ട്ടോ ഇതത്ര വലിയ പൊട്ടലോന്ന്വല്ല പേടിക്കണ്ട". നെറ്റിയിൽ ഒരുമ്മ. അമ്മ അടുത്തു വന്നിരുന്നു. മൂന്നു ദിവസത്തെ ആശുപത്രി വാസംതിരിച്ച് ഇല്ലത്തേക്ക്..വലത്തെ കയ്യിലൊരു കെട്ട്. ഏകാന്തതയുടെ ഒരാഴ്ച്ച.കൈ കെട്ടിയാണെങ്കിലും പിന്നെ സ്കൂളിലേക്ക്.. "സൂക്ഷിച്ചൊക്കെ പോണം ട്ടൊ "മുത്തശ്ശിയുടെ ആധി കലർന്നസ്വരം .കൂട്ടുകാർക്കൊപ്പം നടന്നു. നീരുറവകളെ കണ്ട ഭാവം നടിച്ചില്ല.എന്തോ എല്ലാവർക്കുമൊരു മൗനം. പതുക്കെ ശിൽപ്പയുടെ കൈ പറ്റിച്ചേർന്നു "ഞാൻ കാരണല്ലെ "...മുഴുമിക്കാനാകാതെ അവളുടെ കണ്ണുകൾ ഈറനണിഞ്ഞു. ആ കൈകൾ മുറുകെ പിടിച്ചു നടന്നു. നീരുറവകൾ നീർച്ചാലിലേക്ക്.......

ഭക്തകവി പൂന്താനം

-ശ്രീദേവി അവണൂർ

“പൂന്തേനാം പല കാവ്യം കണ്ണനു നിവേദിച്ച പൂന്താനം ജ്ഞാനപ്പാന പാടിയ പുംസ്കോകിലം" എന്ന ഈരടിയാണ് ഈ പേർ കേൾക്കുമ്പോൾ നമ്മുടെ സ്മരണയിൽ തെളിഞ്ഞുവരുന്നത്.ഭക്തകവിയുടെ നാമധേയംശങ്കരൻ എന്നായിരുന്നു വെന്നും രാമൻ എന്നായിരുന്നുവെന്നും രണ്ടു പക്ഷമുണ്ട്.ജീവിച്ചിരുന്ന കാലവും കൃത്യമായി അറിയില്ല.16ാംനൂറ്റാണ്ടിലാണ് എന്നാണ് വിശ്വസിക്കുന്നത്.(1547-1640 AD). ഐതിഹ്യമാലയിൽ നിന്ന് മേല്പത്തൂരിന്റെ സമകാലികനാണെന്നുമാത്രം അറിയാം.



ശ്രീകൃഷ്ണഭക്തനായ പൂന്താനത്തിന് പ്രായാധിക്യം കാരണം ഗുരുവായൂർക്ക് നടന്നുപോകാൻ പറ്റാതായി.ഗുരുവായൂർ നടയിൽ സാഷ്ടാംഗം നമസ്കരിച്ച് ഭഗവാനോട് സങ്കടം പറഞ്ഞു. “പൂന്താനം വിഷമിക്കേണ്ട ഞാൻ ഇടത്തുപുറത്തുണ്ടാകും" എന്ന അശരീരി കേട്ടു. .പൂന്താനം കൃതാർത്ഥതയോടെ ഇല്ലത്തേക്കുമടങ്ങി.

തന്റെ ഇല്ലത്തിന്റെ ഇടത്തുഭാഗത്തുള്ള വിഷ്ണുക്ഷേത്രത്തിനടുത്തായി രണ്ടു കൈയിലും വെണ്ണയേന്തിയ കണ്ണനുണ്ണി യുടെ രൂപം പ്രത്യക്ഷപ്പെട്ടിരിക്കുന്നു!നിത്യവും കുളിച്ചു തൊഴാൻ പാകത്തിൽ.ആ ക്ഷേത്രത്തിൽ ചതുർബാഹുവായ വിഷ്ണുവാണ് പ്രതിഷ്ഠ.ഇടതുവശത്തുള്ള ചെറിയ ശ്രീകോവിലിൽ ഗണപതിയേയും വെണ്ണക്കണ്ണനേയും പ്രതിഷ്ഠിച്ചിരിക്കയാണ്.പ്രദക്ഷിണ വഴിയിൽ പൂന്താനം നമസ്കരിച്ചിരുന്ന കല്ലുമുണ്ട്!

അദ്ദേഹം സാധാരണക്കാരെപ്പോലെ മരിക്കുകയല്ല, ഉടലോടുകൂടി സ്വർഗ്ഗം പൂകുകയാണ് ഉണ്ടായത്!

പൂന്താനത്തിന്റെ പിൻതലമുറയിൽ എന്നുവെച്ചാൽ ഒടുവിലത്തെ തലമുറ എന്നുതന്നെ പറയണം- അച്ഛൻ പൂന്താനത്തു മനയ്ക്കൽ നാരായണൻ നമ്പൂതിരി,അമ്മ മൂക്കുതലമനയ്ക്കൽ നങ്ങേലി അന്തർജ്ജനം.ഇവർക്ക് 2 സന്താനങ്ങളാണ് ഉണ്ടായിരുന്നത്.

മൂത്ത മകൻ രാമൻ നമ്പൂതിരി, സഹോദരി സാവിത്രി കുട്ടിക്കാവ്.

രാമൻ നമ്പൂതിരി ആദർശശാലിയായ ഒരു കോൺഗ്രസ്സ് പ്രവർത്തകനായിരുന്നു. ഖിലാഫത്തിൽ മുസ്ലീങ്ങളെ സഹായിച്ചു എന്ന കുറ്റം ചുമത്തി 10 വർഷം ജയിൽശിക്ഷ വിധിച്ചു. കോൺഗ്രസ്സിലെ ചില നേതാക്കളുടെ ശ്രമഫലമായി ഒന്നര വർഷംകൊണ്ടു പുറത്തുവരാൻ കഴിഞ്ഞു.അപ്പോഴേക്കും ജാതിവ്യവസ്ഥയുടെ ചില കർശനനിയന്ത്രണങ്ങൾ കാരണം സ്വജാതി യിൽനിന്ന് ഭ്രഷ്ട് കല്പിക്കപ്പെട്ടു.ഇതിന്റെ കാരണമാണ് വിചിത്രം. ജയിലിൽആയിരുന്നപ്പോൾ ബ്രഹ്മണരുടെ കുളിയും സന്ധ്യാവന്ദനവും മുടങ്ങിയിട്ടുണ്ടാകും!പതിഹാരമായി പ്രായശ്ചിത്തം ചെയ്ത് ശുദ്ധീകരണം നേരിടേണ്ടി വന്നു.

അദ്ദേഹം മൂത്തകൊരമ്പിൽ ശ്രീദേവിയെ വിവാഹം കഴിച്ചു.അതിൽ സന്തതി ഉണ്ടായില്ല.സഹോദരി അവണൂർ ദാമോദരൻ നമ്പൂതിരിയാണ് വിവാഹം കഴിച്ചത്.

രാമൻ നമ്പൂതിരി മരിച്ചു.ഒന്നര വർഷത്തിനുള്ളിൽ പത്നിയും അന്തരിച്ചു.

പൂന്താനം ഇല്ലത്ത് ആരുമില്ലാതായി.ദത്തെടുത്തിട്ടില്ല.എഴുതിവെച്ചിട്ടുമില്ല.അങ്ങനെ സ്വത്തുക്കൾഗവണ്മേന്റിലേക്ക് ലയിക്കുമെന്ന നിലവന്നു.അവർ അന്വേഷിച്ചപ്പോൾ ഒരു സഹോദരി ഉണ്ടെന്ന് കണ്ടെത്തി.അങ്ങനെപൂന്താനം സ്വത്തുക്കളും, ഇല്ലവും,ക്ഷേത്രവും അവണൂർ മനയ്ക്കലെ സഹോദരിക്കും മക്കൾക്കും അവകാശപ്പെട്ടതാണെന്ന് കോടതിവിധിയായി

ഒരു സാളഗ്രാമംപോലെ വിശുദ്ധമായ പൂന്താനം സ്വത്തുക്കളും ക്ഷേത്രവും ഗുരുവായൂരപ്പന് സമർപ്പിക്കാനാണ് അനന്തരാവകാശികൾ തീരുമാനിച്ചത്.

1993 ആഗസ്റ്റ് 29 ന് വൈകീട്ട് 7 മണിക്ക് ഗുരുവായൂർ മേല്പത്തൂർ ഓഡിറ്റോറിയത്തിൽവെച്ച് ബഹു.കേരള മുഖ്യമന്ത്രി ശ്രീ.കെ.കരുണാകരൻ പൂന്താനംവസ്തുവഹകളുടെ രജിസ്റ്റർ ചെയ്ത പ്രമാണം ഏറ്റുവാങ്ങി.ഭക്തകവിയു ടെ ആഗ്രഹവും അതുതന്നെയായിരിക്കണം.



കൂടിയല്ലാ പിറക്കുന്ന നേരത്തും
കൂടിയല്ലാ മരിക്കുന്ന നേരത്തും
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്ത്
മത്സരിക്കുന്നതെന്തിനു നാം വൃഥാ
◆ പൂന്താനം◆



പൃഥു നാരായണൻ എടത്തറ മൂത്തേടം



യതോ ധർമ്മസ്ഥതോ ജയ

ബാബുമുണ്ടേക്കാട്

യതോധർമ്മസ്ഥതോ ജയ

എവിടെയോ നിന്നിതാ ഗാന്ധാരി ചൊല്ലുന്നു
പടയൊരുക്കങ്ങളുടെ നടുവിലാ നിസ്വനം
മദാന്ധരാം മക്കളുടെ മനമേറ്റു ചൊല്ലീല

1

ഇവിടെയീയിരുളിന്റെ ഘോര കയത്തിലായ്
തല താണുപോകവേ ഞാനറിഞ്ഞീടുന്നു
പാരിൽ മനുഷ്യജന്മത്തിൻ നിരർത്ഥവും
പാഴ്ജന്മമെന്നതിൻ നോവും നിരാശയും
വല്ലാത്തതിന്നു പകരമെന്നോമനേ
ഇല്ലാത്തതാണു നമ്മുക്കുഹിതമെന്നെ-
ന്നമ്മ മടിയിൽ വെച്ചുമ്മ നൽകിച്ചൊല്ലി
എൻതത്ത എന്നെയും കൊത്തിനോവിച്ചപ്പോൾ
വല്ലാത്തതിന്നെയും കൈവിടാമെന്നാലീ-
യമ്മയ്ക്കു മക്കളെ തള്ളുവാനൊക്കുമോ?
സൗബലേ നൂറ്റവർക്കമ്മയായ് തീരും നീ
എന്നു മഹേശ്വരൻ ചൊല്ലിയ നാൾമുതൽ
കാത്തിരുന്നീടുന്നിതെൻമനമപ്പോഴെ
കാലം തളിർക്കുവാൻ പൂത്തുലഞ്ഞീടുവാൻ
ധാർത്തരാഷ്ട്രൻ വന്നു കൈപിടിച്ചപ്പോഴെ
എൻ മനക്കണ്ണിലൂടെല്ലാമേ കാണുവാൻ
എൻപതിയ്ക്കെപ്പോഴും നന്മയോതീടുവാൻ
കാട്ടിൽ കഴിയും പൃഥയ്ക്കൊരു പുത്രനായ്
വേപഥുവോടെയാവാർത്ത ശ്രവിച്ചു ഞാൻ
ഉണ്ണിയുണ്ടായിട്ടു താരാട്ടു പാടുവാൻ
ഇണ്ടലോടെൻമനമൊട്ടുഞെരിച്ചുഞാൻ
നൂറ്റൊന്നു കുംഭത്തിലായെൻ മനസ്സിനെയന്നു
വ്യസിച്ച പിതാമഹനോതിയതി-
ന്നമെൻ കർണ്ണത്തിലായി നീറീടുന്നു
"പുംനാകമെന്ന നരകത്തിൽ നിന്നുമേ
പുത്രനാണല്ലോ പിടിച്ചുയർത്തുന്നതും
കുംഭീപാകത്തിലേക്കുനിന്നെ തള്ളി-
യാർത്തുചിരിച്ചീടുമീനൂറുമക്കളും"
കാലമെൻമുന്നിലൂടെയായിരുട്ടിന്റെ
തേരോട്ടമായി കടന്നുപോയീടവേ
ഉണ്ണീ സുയോധന നീയെനിക്കേകീല്ല
മിന്നലാം നന്മതൻ പൊന്നിൻവെളിച്ചമേ
കേശഭാരമഴിഞ്ഞ പാഞ്ചാലിതൻ
ക്രോധവും തേങ്ങലും ശാപവചനവും
സൂചികുത്താനിടംപോലും നൽകില്ല-

2

യെന്നുള്ള നിന്നുടെയട്ടഹാസങ്ങളും
ശാന്തിതൻഭൂമിയെ യുദ്ധക്കളമാക്കി
ശകുനിയരങ്ങിലുംചൊല്ലിനിറഞ്ഞാടി
എന്തിന്നു നേരിനെ കൊല്ലുന്ന കാഴ്ച ഞാൻ
കാണാൻ കറുപ്പിന്റെ കണ്ണുപൊന്തിച്ചതും
കോപം നിറഞ്ഞോരാകണ്ണാലാകണ്ണനെ
കാരണഭൂതനെന്നോർത്തു ശപിച്ചതും

കാട്ടിൽ എരിതീയ്യാലല്ല ഞാൻ സൂതരെ
കാരുണ്യമില്ലാത്ത കാലമാം ദാവാഗ്നി-
ക്കുള്ളിലാണല്ലയോ എന്നെയെരിച്ചത്

പുത്രശോകത്താൽ മനംനൊന്തൊരമ്മതൻ
കണ്ണുനീരീമണ്ണിലുപ്പായി മാറുന്നു
ഭൂമിയാം ഗാന്ധാരിതൻമനമിപ്പോഴും
പുത്രഭാരത്താൽ നടുങ്ങുന്നു തേങ്ങുന്നു
പെണ്ണിന്റെ മാനവും മണ്ണിൻ പണയവും
വില്പനക്കാക്കുന്നൊരന്ധരാം ഭൂപാലർ
ചേലകീറീടുന്നദുശ്ശാസനധാർഷ്ട്യവും
ചേതനയറ്റൊരാപെങ്ങൾതൻനോട്ടവും
ചേതോഹരമെന്നവാക്കിനാൽ സഞ്ജയർ
ചൊല്ലി പ്രജകൾതൻ കാഴ്ച നിറയ്ക്കുന്നു.
അക്ഷൗഹിണികൾ മറഞ്ഞയുദ്ധത്തിങ്കൽ
അക്ഷങ്ങൾ 'അ'ചേർത്ത നീതിയും ധർമ്മവും
അഞ്ചാക്കിമാറ്റി ഭരണം വനവാസം
അപ്രതിരോധരായ് അരങ്ങിൽ ശകുനിമാർ
സർവ്വംസഹയാണീ ഭൂമിയെന്നാകിലും
സർവ്വംശപിക്കാനീ നാവുമൊരുങ്ങീടും
എൻ കാൽക്കൽ വന്നു നമസ്കരിച്ചീടുന്ന
വീണ്ടുമീപുത്രർക്കുനേർവഴിയോതീടാൻ
അന്ധയാണെന്നാലീമാതാവൊരുങ്ങുന്നു
മക്കളോടൊന്നിനിചൊല്ലീടുവാനുള്ള

എവിടെ ധർമ്മം എങ്കിലവിടം ജയിക്കട്ടെ !
എവിടെ ധർമ്മം എങ്കിലവിടം ജയിക്കട്ടെ!



പറിച്ചിട്ടും തീരാത്ത വെളുത്ത രോമങ്ങൾ

-ചിത്ര മുണ്ടേക്കാട്

ഓരോ വെള്ളിക്കമ്പിയും അരിശത്തോടെ പിഴുതുമാറ്റി,വിജയസ്മിതത്തോടെ നടന്ന ഒരു കാലം.എല്ലാ ആദ്യാനുഭവങ്ങളേയുംപോലെ, ആദ്യനര കണ്ടതും ഞെട്ടിപ്പിക്കുന്ന ഒരനുഭവമായിരുന്നു.



മനസ്സിന്റെ അങ്ങേക്കോണിൽ ഒരു നേരിയ വിങ്ങലുണ്ടാക്കിയ സത്യം.എയ്....ഇതു നരയാവില്ല.....വെളിച്ചത്തിന്റെ ഏറ്റക്കുറ ച്ചിലുകൾകൊണ്ട് തോന്നിയതാവും എന്നു മനസ്സിൽ ഉറപ്പിച്ചു പറഞ്ഞുനോക്കി.ഉടുത്തൊരുങ്ങിക്കഴിഞ്ഞാൽ കണ്ണാടിയിലെ പ്രതി ബിംബത്തിൽ സൂക്ഷിച്ചുനോക്കാൻ ഒരു വിഷമം.............വീണ്ടും ആ വെള്ളനിറം കണ്ണിൽപ്പെട്ട് മനസ്സിൽ കാറു നിറഞ്ഞാലോ?

പാർട്ടിക്കിടയിലെ കൊച്ചുവർത്തമാനങ്ങളിൽ എല്ലാം മറന്നിരുന്നു. അടുത്തിരുന്ന് പുതിയ ബ്യൂട്ടിപാർലറിൽ പോയ വിശേഷം പറഞ്ഞിരുന്ന അവൾ പെട്ടെന്ന്, യൂറേക്കാ .. എന്നുപറഞ്ഞു ചാടിയോടിയ ആർക്കിമിഡീസിന്റെ സ്റ്റൈലിൽ എന്റെ തലയിൽ ചൂണ്ടി ഉറക്കെ പറഞ്ഞു....ദേ....ഒരു നര.... അതു കേൾക്കാത്തമട്ടിൽ ങാ..നീ ഏതു ഫേഷ്യൽ ചെയ്യുന്നാ പറഞ്ഞത് എന്ന ഒറ്റച്ചോദ്യ ത്തിൽ നരക്കാര്യം അവൾ മറന്നുഗൂഢസ്മിതത്തോടെ അടുത്തിരുന്ന സുന്ദരിമാരുടെ ഒക്കെ തലയിൽ കറുത്ത പെയിന്റായിരുന്നെന്ന് പിന്നീടുള്ള രഹസ്യാന്വേഷണത്തിൽമനസ്സിലാക്കി.ഒന്നോ രണ്ടോ അല്ലേ ഉള്ളൂ എന്നു കരുതി അവയെ വേരോടെ പിഴുതുമാറ്റി.ഇനി ഉണ്ടെങ്കിൽതന്നെ ആരും കാണണ്ട എന്നു കരുതി,അല്പം സ്റ്റൈലിൽ മുടി ഉയർത്തിക്കെട്ടി ഒക്കെയാണ്,താനൊരു സുന്ദരിക്കോതയാണ് എന്നെല്ലാവരോടും പറഞ്ഞുനടക്കുന്ന നാട്ടുകാരി യെ കാണാൻ പോയത്.കണ്ടതും ഓ...മിഡിൽ എജ്ഡ് ലുക്ക്ണ്ട് ട്ടോ..എന്ന കമന്റും വന്നു.ഈശ്വരാ!!!ഉന്തിന്റെ കൂടെ ഒരു തള്ളും...വിചാരിച്ച പോലല്ല.....പ്രായമായിത്തുടങ്ങി.

ആദ്യനര കണ്ടതിന്റെ ദു:ഖം കുറഞ്ഞുതുടങ്ങി.നരകളുടെ എണ്ണം കൂടിയും.സൂപ്പർമാർക്കറ്റിൽ കയറുമ്പോൾ പുച്ഛിച്ചു ശ്രദ്ധിക്കാതിരുന്ന ഹെയർ കളറുകളെ ബഹുമാനത്തോടെ നോക്കാൻ തുടങ്ങി."നിങ്ങളീ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ.....” (ഭാസ്കരൻ മാഷേ! മാപ്പ്!!)

നരച്ചു ജയിക്കുന്ന ഓരോ മുടിയിഴകളേയും 'പ്രേമ' ത്തിന്റെ നിറമായ കറുപ്പണിയിച്ച് തോൽപ്പിക്കുമ്പോളുള്ള ഒരു ആനന്ദം!!

അപ്പോൾ ഈ സെൽഫ് കോൺഫിഡൻസ് ലെവലില്ലേ ..... ഈ ആത്മവിശ്വാസം...... അതങ്ങു കൂട്ടം.......സത്യം!! പറിച്ചിട്ടും പറിച്ചിട്ടും തീരാത്ത വെളുത്ത രോമങ്ങളെ പറിക്കാതെ സംരക്ഷിക്കാൻ ശീലമായി ഇപ്പോൾ.....







ക്ഷുദ്കൃശനുണേകിയും
മധുരമാം പൊൻഭാഷയായ്
നഗ്നനെ പുതപ്പിച്ചും
ദു:ഖിയെ തോഷിപ്പിച്ചും
രോഗിയെ ശുശ്രൂഷിച്ചും
ആപത്തിൽപ്പെട്ടന്നോനെ
ആശ്വസിപ്പിച്ചും താണ
കൂപത്തിൽ കിടപ്പോനെ
കൈകൊടുത്തുയർത്തിയും
അന്യർ തൻ സ്മിതച്ചില്ലിൽ
തൻ സുഖം നിരീക്ഷിച്ചും
അന്യർതൻ ഹർഷാശ്രു മു-
ത്താത്മവിത്തമായ് പൂണ്ടും
ഏത്തിലും ചക്ഷുസ്സിലും
വാക്കിലും കർമ്മത്തിലും
ശുദ്ധമാം പ്രേമത്തിന്റെ
സാന്നിദ്ധ്യം വഴികാട്ടി
ലോകത്തെ കുടുംബമായ്
ജീവിയെ സോദര്യനായ്
ദേഹത്തെ പരാർത്ഥമാം
യജ്ഞത്തിൻ സാമഗ്രിയായ്
ഏവനോ കല്പ്പിച്ചെന്റെ
വേലയിൽ പങ്കാളിയായ്
മേവിടാനോർപ്പോനവ-
നെന്നും ഞാൻ വശംവദൻ
സമ്പാ - എം.എസ്.നമ്പൂതിരി



അമ്മ മലയാളം

മധുരമാം പൊൻഭാഷയായ്
നമ്മുടെ മലയാളം
ചുറ്റുമെങ്ങും സുഗന്ധം പരത്തും
സുന്ദരമലയാളം
നമ്മുടെ മലയാളം
മനസ്സിൽ കുളിർമയേകും
എന്റെ മലയാളം
ഇവിടെ പിറന്നതെൻ മഹാഭാഗ്യം
ഇതിൻ പെരുമയോരു മലയോളം
ലളിതസുന്ദരമീ അമ്മ മലയാളം

-വിഷ്ണു.പി.എം.







സുഭാഷിതം

-അഞ്ജലി തച്ചിനേടം

1.സത്യം ബ്രൂയാത് പ്രിയം ബ്രൂയാത് ന ബ്രൂയാത് സത്യമപ്രിയം.

(സത്യം പറയുക.പ്രിയമായി പറയുക.അപ്രിയമായ സത്യം പറയാതിരിക്കുക)

2.ഉത്സവേ വ്യസനേ ചൈവ ദുർഭിക്ഷേ പ്രാണസങ്കടേ
രാജദ്വാരേ ശ്മശാനേ ച യസ്തിഷ്ഠതി സ ബാന്ധവ.
(സന്തോഷത്തിലും ആപത്തിലും ദാരിദ്ര്യത്തിലും മരണാവസ്ഥയിലും
രാജകവാടത്തിലും ശ്മശാനത്തിലും യാതൊരുവനാണോ
കൂടെയുള്ളത് അവനാണ് ബന്ധു)



മനുഷ്യപുത്രി(പുസ്തകാവലോകനം)

-ബിന്ദു ചെറുമുക്ക്

" അഗ്നിസാക്ഷി"എന്ന നോവലിലൂടെ മലയാളസാഹിത്യത്തിൽ അനശ്വരസ്ഥാനം നേടിയ ലളിതാംബിക അന്തർജ്ജനമാണ് "മനുഷ്യപുത്രി "എന്ന നോവലിന്റെ രചയിതാവ്.കാലത്തിന്റെ കുത്തൊഴുക്കില് തകർന്നടിഞ്ഞ ജന്മിത്വത്തെയാണ് ഈ നോവലിലൂടെ വരച്ചു കാട്ടുന്നത്.സ്നേഹത്തിന്റേയും ഔദാര്യത്തിന്റേയും ത്യാഗത്തിന്റേയും മൂർത്തീഭാവമായ ആത്തോലമ്മ എന്ന കഥാപാത്രത്തിലൂടെ നമ്പൂതിരി സമുദായത്തിലെ കഷ്ടത കൾ അനുഭവിക്കുന്ന നമ്പൂതിരി സ്ത്രീകളുടെ ചിത്രം ചൈതന്യവത്തായി ആവിഷ്കരിക്കുന്നു.




തിരക്കേറിയ ജനനേതാവാണ് ഗോവിന്ദൻകുട്ടി.നീണ്ട യാത്രയ്ക്കുശേഷം തളർന്ന് എത്തിയിരിക്കയാണ് അദ്ദേഹം.മനസ്സില്ലാമനസ്സോടെ സന്ദർശകരെ സ്വീകരിച്ചു.ഒടുവിൽ ഒരു വൃദ്ധ കൂടി നേതാവിനെ കാണാൻ എത്തിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചപ്പോൾ അദ്ദേഹം കുപിതനാകുന്നു.തന്റെ കുട്ടിക്കാലത്ത് തനിക്ക് എല്ലാമാമായിരുന്ന, താൻ വളർന്നു വലുതാകുന്നതിനു പുറകിൽ പ്രവർത്തിച്ച കുഞ്ഞാത്തോലാണ് ആ വൃദ്ധ എന്നറിയുമ്പോൾ അയാൾ തന്റെ കുട്ടിക്കാലത്തെക്കുറിച്ച് ഓർക്കുന്നു.... ഗോവിന്ദൻകുട്ടിയു ടെ ചെറുപ്പത്തിൽ തന്നെ അച്ഛൻ മരിച്ചു.അമ്മാമൻമാർ പിരിയുകയും ചെയ്തു.കഷ്ടിച്ച് കഴിഞ്ഞു കൂടുവാനുള്ള വകയുണ്ടാക്കാൻ അമ്മ വളരെ പ്രയാസപ്പെട്ടിരുന്നു.അന്ന് അവർക്ക് ഏക ആശ്രയം കുഞ്ഞാത്തോലാ യിരുന്നു.വർഷങ്ങൾ കഴിഞ്ഞു.പത്താം ക്ലാസ് പാസായ ഗോവിന്ദൻകുട്ടി കുഞ്ഞാത്തോലിനോട് ഒരു വാക്കുപോലും പറയാതെ നാടുവിട്ടു.പടിപടിയായി ഉയർന്ന് ജനനേതാവായി.അയാൾ കുഞ്ഞാത്തോലിനെ മറന്നു.

കാലം മാറിയപ്പോൾ കുഞ്ഞാത്തോലിന്റെ കുടുംബം മുഴുപ്പട്ടിണിയിലായി ചോറുരുളയും നീട്ടിപ്പിടിച്ച് നിന്നിരുന്ന അന്നപൂർണ്ണേശ്വരിയായ കുഞ്ഞാത്തോല് കരുണക്കാ യി കേണു.മകൻ അസുഖം പിടിച്ച് കിടപ്പിലായി.മകൾ വിവാഹപ്രായംകഴിഞ്ഞുനില്ക്കുന്നു.തന്റെ വിഷമങ്ങൾ ഓരോന്നായി കുഞ്ഞാത്തോലമ്മ ഗോവിന്ദൻകുട്ടിയോട് പറയുന്നു. തന്റെ കൊച്ചുമകനെ സ്കൂളിൽ ചേർത്തുതന്നാൽ അവന് ഉച്ചക്കഞ്ഞിയെങ്കിലും കിട്ടുമല്ലോ എന്നു കുഞ്ഞാത്തോലമ്മ പറഞ്ഞപ്പോൾ അയാളുടെ ദു:ഖം അണപൊട്ടി യൊഴുകി.അവരുടെ കാൽക്കൽവീണ് അയാൾ മാപ്പിരന്നു.ഗോവിന്ദൻകുട്ടി കുഞ്ഞാത്തോലിനെ സ്വന്തം അമ്മയായി സ്വീകരിച്ചു.അന്നത്തെ പരിപാടികളെല്ലാം വേണ്ടെന്നുവെച്ച നേതാവ് സെക്രട്ടറിയോട് പറഞ്ഞു"ഞാനും ഒരു മനുഷ്യനാണ്..... മനുഷ്യപുത്രിയുടെ മകൻ"




-പാർവ്വതി പാലൊള്ളി





റോഡപകടങ്ങളും പരിഹാരമാർഗ്ഗങ്ങളും

-രചന പെരുമന



പൊതുവഴിയിൽ ഇന്ന് നിരവധി അപകടങ്ങൾ ഉണ്ടാകുന്നു. കൂടുതലും വഴിയാത്രക്കാരെയാണ് ഇത് ബാധിക്കുന്നത്. വൃദ്ധരായ ആളുകൾ റോഡു മുറിച്ചു കടക്കുമ്പോൾ പലപ്പോഴും അപകടങ്ങൾ ഉണ്ടാകാറുണ്ട്. പുതിയ തലമുറയിലെ യുവാക്കൾ പലരും വാഹനമോടിക്കുന്നത് അമിതവേഗത്തിലാണ്. ഇത് അപകടങ്ങൾക്ക് കാരണമാകുന്നു. ഒരു നിമിഷത്തെ അശ്രദ്ധ തങ്ങളുടെ ബന്ധുജനങ്ങൾക്ക് തീരാദ:ഖത്തെയാണ് നൽകുന്നതെന്ന് യുവാക്കളിൽ പലരും ചിന്തിക്കുന്നില്ല.

വിദ്യാർത്ഥികളായ പിഞ്ചോമനകൾ അപകടങ്ങളിൽ പെടുന്നതും ഇന്ന് പത്രങ്ങളിലെ നിത്യവാർത്തയാണ്. പഴക്കംചെന്ന സ്കൂൾ ബസ്സുകൾ മാറ്റുകയും ഒപ്പം പരിചയസമ്പന്നരായ ഡ്രൈവർമാരെ നിയമിക്കുകയുംവേണം.അമിതവേഗത്തിലോടിക്കുന്നവർക്കെ തിരെ കർശന നടപടികൾ ഉണ്ടാകണം. റോഡുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്താൻ ഭരണാധികാരികൾ ശ്രദ്ധി ക്കണം. വഴിയാത്രക്കാർക്ക് പ്രത്യേക നടപ്പാതകൾ നിർമ്മിക്ക ണം. വഴിയാത്രക്കാർക്കും ഡ്രൈവർമാർക്കും പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ നടത്തേണ്ടതും അത്യാവശ്യമാണ്.



കുഞ്ഞുണ്ണിക്കൊരു താരാട്ട്

-നന്ദിനി .കെഎൻ എടത്തറ മൂത്തേടം



കുഞ്ഞുണ്ണിക്കുട്ടാ ഉറങ്ങുറങ്ങ്
എന്നോമലുണ്ണീ ഉറങ്ങുറങ്ങ്
മിഴിരണ്ടും പൂട്ടി ഉറങ്ങുറങ്ങ്
എൻ മടിത്തട്ടിലേ ചാഞ്ഞുറങ്ങ്
സുന്ദരസ്വപ്നങ്ങൾ കണ്ടുറങ്ങ്
താരാട്ടുശീലുകൾ കേട്ടുറങ്ങ്
കുഞ്ഞിക്കഥകളും കേട്ടുറങ്ങ്
നാരായണനെ നിനച്ചുറങ്ങ്
കാളിയമർദ്ദനമാടിയതും
ഗോവർദ്ധനത്തെ പൊക്കിയതും
ലീലകളോരോന്നാടിയതും
ഉൾക്കണ്ണാൽ കണ്ടു നീയുറങ്ങ്
അമ്പിളിമാമനെ കണ്ടുറങ്ങ്
മാനത്തെ താരത്തെ കണ്ടുറങ്ങ്
മിന്നാമിനുങ്ങിനെ കണ്ടുറങ്ങ്
മയിലിന്റെ നൃത്തം കണ്ടുറങ്ങ്
കുയിലിന്റെ പാട്ടു കേട്ടുറങ്ങ്
ഓടക്കുഴൽവിളി കേട്ടുറങ്ങ്

കാറ്റിന്റെ പഞ്ചമം കേട്ടുറങ്ങ്
പുഴയുടെ സംഗീതം കേട്ടുറങ്ങ്

കുട്ടന്റെ പുഞ്ചിരി കാണുവാനായ്
പൈക്കിടാവും കാക്കയും പൂച്ചയും
ഊഴമായ് നില്ക്കുന്നു നമ്മുടെ മുറ്റത്ത്
മന്ദസ്മിതത്തോടെ നീയുറങ്ങ്
മുറ്റത്തെ തെങ്ങിൻ മുകളിലായി
തൂങ്ങിനിന്നാടുന്ന കൂട്ടിനുള്ളിൽ
കുട്ടിക്കുരുവികൾ മൂളിടുന്ന
താരാട്ടുപാട്ടുന്നീരടികൾ
ഗുരുവായൂർ വാണിടും കേശവനും
ബാലഗണപതി തമ്പുരാനും
അമ്മത്തിരുവടി പാർവ്വതിയും
എന്നുണ്ണിക്കുട്ടനെ കാത്തിടേണേ
കുഞ്ഞിമിടുക്കന്റെ നാവുതന്നിൽ
വാണീഭഗവതി വാണിടേണേ
ആരോഗ്യസമ്പൽസമൃദ്ധികളേകണേ
ധന്വന്തരിയും മഹാലക്ഷ്മിയും
അച്ഛനെപ്പോലെ കരുത്തനായി
അമ്മക്കു താങ്ങും തണലുമായി

കീർത്തിമാനായി വളർന്നിടട്ടേ
പൃഥ്വിക്കു നായകനായിടട്ടേ

കുഞ്ഞുണ്ണിക്കുട്ടാ ഉറങ്ങുറങ്ങ്
എൻ മടിത്തട്ടിലേ ചാഞ്ഞുറങ്ങ്




തിരിഞ്ഞുനോക്കുമ്പോൾ


-രമ്യ വാസുദേവൻ പാലൊള്ളി മന



മാസങ്ങൾക്കുമുമ്പ് ഒരു വെള്ളിയാഴ്ച്ച സ്ഥലം ഗുരുവായൂരപ്പസന്നിധി.ഞാൻ തുലാഭാരത്തിനായി വരിയിൽ നില്ക്കുകയാണ്.വരിപാട് കഴിഞ്ഞ് കാശുകൊടുക്കാൻ തുടങ്ങുമ്പോൾ കൗണ്ടറിൽ ഇരുന്ന യാളുടെ ചോദ്യം "പുത്തൂരിന്റെ മകളല്ലെ?".അത്ഭുതത്തോടെ ഞാൻ അദ്ദേഹത്തെ നോക്കി.ഒരു മധ്യവയസ്കൻ.എവിടെയോ കണ്ടപരിചയം.പേരോർമ്മയില്ല.പരുങ്ങി നില്കുന്ന എന്നോട് അദ്ദേഹം തുടർന്നു. "ഞാനും അച്ഛനും ഒരുമിച്ച് കൗണ്ടറിൽ ഉണ്ടായിട്ടുണ്ട്"കുശലാന്വേഷണത്തിനു ശേഷം പുറത്തു കടന്നു.പ്രദക്ഷിണം ചെയ്യുമ്പോൾ എന്റെ ഓർമ്മകൾ പിന്നോട്ടോടി.

92-93 വർഷം.അച്ഛന് ഗുരുവായൂരിൽ കോയ്മയായി ആദ്യനിയമനം കിട്ടി.ഗുരുവായൂരപ്പന്റെ അനുഗ്രഹം! തെക്കേനടയിലെ മേലേടം രണ്ടുനില കെട്ടിടത്തിന്റെ മുകൾനിലയിലെ ഒരു മുറി വാടകക്കെടുത്ത് അച്ഛൻ ഗുരുവായൂരിൽ താമസമായി.പുത്തൂർ എന്ന സ്ഥലത്താണ് ഇല്ലം എന്നതുകൊണ്ടാകാം അച്ഛനെ "പുത്തൂര്" എന്നാണ് വിളിച്ചിരുന്നത്.ഏട്ടൻ ജോലി അന്വേഷിച്ച് ഡെൽഹിയിൽ പോയപ്പോൾ ഞങ്ങളുടെ കുടുംബം ഗുരുവായൂരിലായി താമസം. ഞങ്ങൾ താമസിക്കുന്ന മുറികളുടെ മുന്നിൽ ഒരുബാൽക്കണിയുണ്ട്.അവിടെയിരുന്നാൽ അമ്പലത്തിൽ പ്രദക്ഷിണം വെക്കുന്നവരെ കാണാം.ഗുരുവായൂരപ്പന്റെ നേദ്യച്ചോറും,കൂട്ടാനും,പായസവുമൊക്കെയായി ഞങ്ങളവിടെ സുഖമായി കഴിഞ്ഞു.അന്ന് ഞാൻ പ്രീഡിഗ്രിക്ക് തൃശ്ശൂർ കേരളവർമ്മ കോളേജിലാണ്.കോളേജുള്ള ദിവസങ്ങളിൽ രണ്ടു നേരവും അല്ലാത്തപ്പോൾ മൂന്നു നേരവും ഗുരുവായൂരപ്പനെ തൊഴും.ശീവേലികള്,ആനയോട്ടം,കൃഷ്ണനാട്ടം, മേളം,ചുറ്റുവിളക്ക്......അങ്ങനെ എന്തെല്ലാം കാഴ്ചകൾ!ഇന്നതോർക്കുമ്പോൾ ജീവിതത്തിലെ അമൂല്യനിമിഷങ്ങളായിരുന്ന ആ കാലമെന്നു ഞാൻ തിരിച്ചറിയുന്നു.തെക്കേനടയിലെ ആ ഇരുനിലക്കെട്ടിടം ഇന്നില്ല.ശങ്കരേട്ടനും കുടുംബവും താമസം മാറി.ഇപ്പോൾ മാസത്തിലൊരിക്കൽ ഞങ്ങൾ തൊഴാൻ പോകും .തെക്കേനടയിലൂടെ പോകുമ്പോൾ അവിടെ താമസിച്ച ആ കാലം എന്നിലേക്കോടിവരും.സുഖമുള്ള ഒരോർമ്മയായ്......









നേരുണ്ണി

-വിജയകുമാരി മുണ്ടേക്കാട്

ബലിയിട്ടു, കാക്ക വന്നില്ല
ഉദകം പട്ടി തിന്നുപോയ്
ബലി വന്നൂ തുമ്പ വന്നില്ല
കറുക,മുക്കുറ്റി അവധിയിൽ
മഴയിൽ നാട്ടുവഴിയിൽ പ്രേമ
രാഗം പാടും തവളകൾ
ക്കന്ത്യ ഗീതം പാടീ നാം
പകരം മൂളുന്ന കൊതുകുകൾ
വൈദ്യുതശ്മശാനത്തിൽ
കരിയുംകൊതുകിന്റെ നാറ്റമേ-
യുള്ളയിന്നാട്ടിൽ ഇല്ലി-
ന്നിലഞ്ഞിപ്പൂവിന്റെ ഗന്ധവും

താംബൂലം ചുണ്ടിൽ തീർക്കും
ശോണചാരുത മാഞ്ഞുപോയ്
ഏതോ ദ്രാവകച്ചോപ്പാൽ
വഴിയിൽ ചോരപ്പട്ടുകൾ
പൂജയ്ക്കു വെള്ളപ്പൂക്കൾ
നുള്ളാൻ മുറ്റത്തിറങ്ങവേ
ഉണ്ണിക്കുട്ടൻ ചിരിച്ചോതി
“എല്ലാം പ്ലാസ്റ്റിക്കു പൂവുകൾ"
നേരോതും ഉണ്ണീ നീ വീണ്ടും
വീണ്ടും വീണ്ടും ചിരിയ്ക്കുക
പൂക്കൾ വേണ്ട സ്വർഗ്ഗം വേണ്ട
മതി നിൻ മുല്ലപ്പൂച്ചിരി







“മഹത്തായ ഈ നാട്ടിലെ ഒരു കിണറാണു ഞാൻ
വറ്റാത്ത ദിവ്യത്വം കോരി മനസ്സിൽ നിറയ്ക്കാൻ
കോടാനുകോടി യുവാക്കളെ തേടീടുന്നു ഞാൻ"

-കീർത്തന.പിഎം



മയക്കമരുന്നുകൾക്കെതിരെ

-ആതിര പെരുമന



ഇന്ന് യുവാക്കളെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ വിനയാണ് ലഹരിയിലുള്ള ആസക്തി.എത്രയോ കുടുംബങ്ങൾ ഇതുമൂലം അനാഥമായിത്തീർന്നിരിക്കുന്നു.യുവാക്കളിൽ വലിയൊരു വിഭാഗം ഇതിനടിമപ്പെട്ടിരിക്കുന്നു.

കൗമാരപ്രായക്കാർ ആദ്യം ആകർഷിക്കപ്പെടുന്നത് പുകവലിയിലേക്കാണ്. സിഗററ്റ്,കഞ്ചാവ്,ചരസ്സ്....... അങ്ങനെ മാരകമായ മയക്കുമരുന്നുകളുടെ ലോകത്തേക്ക്.. പതിവുലഹരി കൃത്യമായി കിട്ടിയില്ലെങ്കിൽ ഭ്രാന്തുപിടിച്ചതു പോലെയാണ്.ഇതിനുവേണ്ടി പണമുണ്ടാക്കാൻ എന്തു കുറ്റകൃത്യങ്ങളിലേക്കും അവർ എത്തുന്നു. മനുഷ്യനെ മൃഗമാക്കുന്ന ഇത് എത്രയോ പേരെ രോഗികളാക്കിയിരിക്കുന്നു.

കോളേജുകളിലെ വനിതാഹോസ്റ്റലുകൾ പോലും മയക്കുമരുന്നുവിതരണക്കാരുടെ വിഹാരരംഗമായി മാറിയിരിക്കുന്നു.ഇതിനെതിരെ ശബ്ദിച്ചാൽ ജീവൻ തന്നെ നഷ്ടമാകുമെന്ന നിലയാണ്.മയക്കുമരുന്നുവ്യാപാരത്തിലൂടെ അധോലോകനായകന്മാർ കോടികൾ സമ്പാദിച്ച് കോടതികളെപ്പോലും സ്വാധീനിക്കാൻ ശ്രമിക്കുന്നു.ഹൃദയമുള്ളവർ നാടിന്റെ ഈ അധ:പതനം കണ്ട് അസ്തപ്രജ്ഞരാവുകയാണ്.

നമ്മുടെ ഭാരതത്തിൽ ഒരുകോടിയിലധികം വരുന്ന ജനങ്ങൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളത്രെ! ഇതിലേക്ക് ആകർഷിക്കപ്പെടുന്നവരെപ്പറ്റി ബന്ധുക്കൾ വൈകിയാണറിയുന്നത്. സാമൂഹ്യപ്രവർത്തകർ ഇതിനു പോംവഴി കാണാനാകാതെ വിഷമിക്കുന്നു.

വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നുകൾക്കെതിരെ ശക്തമായ ബോധവൽക്കരണം നടത്തണം.സർക്കാരും പൊതുജനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.വിദ്യാർത്ഥികൾ മയക്കുമരുന്ന് ഉപയോഗിക്കില്ലെന്ന് പ്രതിജ്ഞ എടുക്കണം.മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റങ്ങൾക്ക് കഠിനശിക്ഷ തന്നെ നൽകണം.ഭാവി തലമുറയുടെ ഭാവിക്കു വേണ്ടി ഭാരതം ഉണർന്നേ മതിയാവൂ.താമസിച്ചാൽ പ്രശ്നപരിഹാരം അസാധ്യമായെന്നു വരാം.



നവമുകുളങ്ങൾക്കായ്

-കൈരളി.എൻ.എം.

ചിരിക്കൂ................

പൂക്കളോട്
പൂമ്പാറ്റയോട്
കിളികളോട്
നിലാവിനോട്
കൂട്ടുകാരനോട്

കിന്നാരം പറയൂ........

അമ്മയോട്
അച്ഛനോട്
കാറ്റിനോട്
അണ്ണാറക്കണ്ണനോട്
തത്തമ്മയോട്

കേൾക്കൂ..............

മഴയുടെ താരാട്ട്
പുഴ തൻ മർമ്മരം
പൈതലിൻ
കിളിക്കൊഞ്ചൽ
മുത്തശ്ശി തൻ കഥാമൃതം
ആലില തൻ താളമേളം
സജ്ജനത്തിൻ വാക്കുകൾ



ആസ്വദിക്കൂ............

അമ്മ തൻ സ്നേഹാമൃതം
മുത്തശ്ശന്റെ പരിലാളനം
സ്നേഹബന്ധത്തിൻ സുഖം

പ്രവർത്തിക്കൂ........

നന്മകൾക്കായ്
പാവങ്ങൾക്കായ്
ലോകസമാധാനത്തിനായ്
ഉത്തിഷ്ഠത! ജാഗ്രത!




കവിയുടെ വേദന

-ലളിത തച്ചിനേടം

കവിത എഴുതാൻ ചൊന്നനാളുതൊട്ട്
ചിന്തിച്ചുകൂട്ടി ഞാൻ വിഷയങ്ങളനവധി
ഒന്നും, വരിയായ്,താളമായ് ,വൃത്തമായ്
കവിതയാക്കീട്ടുവാൻ കഴിയുന്നില്ലല്ലോ
ഇന്നു ഞാനറിയുന്നു കവികൾ തൻ വേദന
നമിയ്ക്കുന്നു ഞാൻ കവിജനങ്ങളെ
നിന്ദിയ്ക്കുന്നു ഞാൻ എന്നെത്തന്നെ
ഇനിയും രണ്ടു നാൾ മാത്രം
തിരിഞ്ഞൊന്നുനോക്കീ ഞാൻ, എന്റെ
വിദ്യാർത്ഥി ജീവിതം
പഠിച്ചിരുന്ന കാലത്തുപോലും
കുത്തിക്കുറിച്ചീല ഞാൻ ഒരു വാക്കും
എന്നന്തരംഗത്തിൽ ഉദിയ്ക്കുന്നില്ല

ഒന്നുമേ ദൈവമേ....
ഈ അക്ഷരക്കൂട്ടങ്ങളാകട്ടെ
ഇതുതന്നെയാകട്ടെ എൻ കവിത
ക്ഷമിച്ചീടുക കവിഹൃദയങ്ങളെ
ശപിച്ചീടാതെ തന്നെ ഉണച്ചീടേണം



-രാമൻ നെന്മിനിശ്ശേരി

പഴഞ്ചൊല്ലുകൾ

- ആതിര ചെറുമുക്ക്



ഏട്ടിലെ പശു പുല്ലു തിന്നില്ല
കതിരിൽ വളം വെക്കരുത്
ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും
ആറിയ കഞ്ഞി പഴങ്കഞ്ഞി
അമിതമായാൽ അമൃതും വിഷം
ആനയ്ക്കും അടി പിഴയ്ക്കാം
ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
ഉപ്പു തിന്നവൻ വെള്ളം കുടിക്കും
കൈയൂക്കുള്ളവൻ കാര്യക്കാരൻ
താൻ കുഴിച്ച കുഴിയിൽ വീണത് താൻ തന്നെ
കൈ നനയാതെ മീൻ പിടിക്കാമോ
തല്ലുന്ന രാജാവിന് കൊല്ലുന്ന മന്ത്രി
ചക്കിനു വെച്ചത് കൊക്കിനു കൊണ്ടു



സ്മരണാഞ്ജലി

വള്ളുവനാട് ഉപസഭാംഗവും എരവിമംഗലം സുബ്രഹ്മണ്യസ്വാമി ക്ഷേത്രം ട്രസ്റ്റിയുമായിരുന്ന പെരുമന നീലകണ്ഠൻ നമ്പൂതിരിയുടെ പാവനസ്മരണയ്ക്കുമുന്നിൽ സഭാംഗങ്ങളുടെ- **ആദരാഞ്ജലികൾ**



ഉപന്യാസരചന

-അനശ്രീ ചെറുമുക്ക്

ഉപന്യാസരചന ഇക്കാലത്ത് ഏതു പരീക്ഷയിലും ഒഴിച്ചുകൂടാനാവാത്തതാണ്.ഭാഷയിലുള്ള വൈദഗ്ധ്യം തെളിയിക്കാൻ പറ്റിയ മാർഗമാണിത്.ആശയങ്ങളെ ക്രമാനുഗതമായി വികസിപ്പിച്ച് ഒരു വിഷയത്തെ സമഗ്രമായി ചിത്രീകരിക്കാൻ ഉപന്യാസമെഴുതുന്നവർക്ക് കഴിയണം. ഇതിൽ ഭാഷയ്ക്കും ആശയങ്ങൾക്കുംതുല്യപ്രാധാന്യമാണുള്ളത്.നല്ല ആശയങ്ങൾ നല്ല ഭാഷയിലൂടെ അവതരിപ്പിക്കുമ്പോൾ എഴുതുന്നവർക്കും വായിക്കുന്നവർക്കും അത് ആനന്ദകരമായ ഒരനുഭവമായി മാറുന്നു.പത്രങ്ങളുടെ മുഖപ്രസംഗങ്ങൾ നിരന്തരം വായിക്കുന്നവർക്ക് ഉപന്യാസരചനയ്ക്കുള്ള കഴിവ് വർദ്ധിയ്ക്കും.തുടക്കത്തിൽവിഷയത്തെ ഭംഗിയായി നിർവ്വചിക്കണം.പിന്നീട്ഗുണദോഷവിവേചനം നടത്തുകയും ഉദാഹരണങ്ങൾ നൽകുകയും വേണം. ഉദ്ധരണികളും ചേർക്കാം. ഖണ്ഡികകൾ തിരിച്ച് അവയിലോരോ ന്നിലും ഓരോ പ്രധാന ആശയം ഉണ്ടാകണം.സ്വാഭിപ്രായം പ്രകടിപ്പിച്ച് സമാപനത്തിലെത്താം.



മണിരത്നം

-സജിത പാലുള്ളി

എന്തിനു മർത്ത്യാ നിനക്കു മനുഷ്യജന്മം
എന്തിനു മേന്മയേറുന്ന മർത്ത്യജന്മം
അന്യരെ ദ്രോഹിച്ചിടാനോ
സ്വയമതിലാനന്ദിച്ചീടുവാനോ
സനാഥനാരാകുന്ന ബാലരുമറിയാത്ത
അനാഥബാല്യത്തിൻ ചൂടേറും നൊമ്പരം
സ്നേഹമാം മാണിക്യമുത്തിനെക്കാണാതെ
കൂരിരുട്ടിൽ തപ്പിത്തടയുന്നു ബാല്യം



കാരിരുമ്പിൻ മൂർച്ചയേറും വാക്കിൻ കരങ്ങളാൽ
ബന്ധിച്ചമർത്തീടുമ്പോൾ നിന്നന്തരംഗത്തിൽ നിന്നും
ഉതിരുന്ന ദ്വേഷത്തിൻ വിത്തുകൾ പാവുന്നു
ചുറ്റിലും വളരുന്നു പടരുന്നു കൊട്ടുംകാട്ടുപോലെ
കാലുഷ്യമേറുമെൻ മനസ്സാം കരിഞ്ചേല
കവർന്നെടുത്തെൻ ദിവ്യമാം മാണിക്യമുത്തിനെ
കറുപ്പിൻ കാഠിന്യമേറും കരിമ്പടത്തിനാൽ
പൊതിഞ്ഞെടുത്തുവാ സ്നേഹമാം മണിരത്നം
പ്രകാശമൊരുതരി പരത്തിടാനാകാതെ
കാത്തുവെയ്ക്കുന്നതുള്ളിലായെന്നുമേ
തങ്ങി നില്ക്കുമാ രത്നശോഭതൻ ചൂടിനാൽ
വെന്തുരുകാതിരിക്കാനിനി എന്തു ചെയ്യേണ്ടു



എന്റെ കുട്ടിക്കാലം

-സുബ്രഹ്മണ്യൻ പാലൊള്ളി

എന്റെ കുട്ടിക്കാലം കൂടുതലും അമ്മാത്ത്(മുണ്ടേക്കാട്) ആയിരുന്നു.ഞാൻ, എന്റെ ഏട്ടൻ വാസുദേവൻ,അമ്മാമന്മാർ,അമ്മാമന്റെ മകൻ മുരളി എന്നിവരൊക്കെ അന്നത്തെ കളിക്കൂട്ടുകാരാണ്.കമ്പ്യൂട്ടറും ടെലിവിഷനും ഒന്നും അന്നില്ലല്ലോ.ശനി,ഞായർ ദിവസങ്ങളിൽഉച്ചയ്ക്ക് ഊണ കഴിച്ച് ഞാനും ഏട്ടനും അമ്മാത്തേക്കോട്ടും.അച്ഛൻ കണ്ടാൽ വെയിലത്ത് പോകരുത് എന്നു പറയും.വെയിലും മഴയുംഒരു പ്രശ്നമല്ല.എല്ലാവരും തൊടിയിൽനിന്ന് മാങ്ങ പെറുക്കിക്കൂട്ടും. കിഴക്കേതൊടിയിൽ ഒരു ഷെഡ് ഉണ്ടാക്കി അതിനുള്ളിലിരുന്നാണ് തീറ്റ.പിന്നെ കളിയായി.ഒരു കല്ല് വെച്ച് അതിനു പൂജ! ചിലർ കൊട്ടുകാർ,ചിലർ വെളിച്ചപ്പാടന്മാർ,നടുവിൽ പൂജാരി. കൊട്ടുകാരുടെ ചെണ്ട പഴയ പാത്രങ്ങളാണ്. മടക്കനത്തണ്ടാണ് വാള്.ചിലപ്പോൾ കല്പനയുമുണ്ടാകും.തേക്കിന്റെ തളിരില തേച്ച് നെറ്റി ചോപ്പിയ്ക്കും.ചോര ഒലിപ്പിക്കാൻ കൂടെ അല്പം വെള്ളവും ചേർക്കും.



4 മണിയായാൽ കുളത്തിൽ ചാടി മദിയ്ക്കും.പിന്നെ മുത്തശ്ശൻ കളിയ്ക്കാൻ വരുമ്പോഴേ കയറൂ.....മറക്കാനാവാത്ത ഈ ഓർമ്മകളിലൂടെ ബാല്യം എത്ര സുന്ദരമാണെന്ന് ഇന്നു ഞാനറിയുന്നു.!



- ആതിര ചെറുമുക്ക്




നമ്മുടെ ആചാരങ്ങൾ

-നിർമ്മല പാലൊള്ളി

ഇല്ലങ്ങളിലെ പല ആചാരങ്ങളും ഇന്നത്തെ പുതുതലമുറക്ക് അന്യമായി ക്കൊണ്ടിരിക്കുന്നു.

പഴയകാലത്ത് ഓണം,വിഷു, തിരുവാതിര തുടങ്ങി പല ആഘോഷങ്ങൾക്കും പ്രത്യേകമായ ചടങ്ങുകളുണ്ട്.ഇവയെക്കുറിച്ച് ഒരു സാമാന്യ അറിവെങ്കിലും യുവാക്കൾക്കുണ്ടാവേണ്ട തല്ലേ? സഭയുടെ നേതൃത്വത്തിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് ഒരു ബോധവൽക്കരണംനടത്തണം. മലയാളമാസങ്ങളും നക്ഷത്രങ്ങളും സന്ധ്യാനാമങ്ങളുടെ കൂട്ടത്തിൽ പണ്ട് ചൊല്ലിയിരുന്നു.ഇന്ന് സന്ധ്യാനാമം ടെലിവിഷന്റെ മുന്നിലാണല്ലോ. നമ്മുടെ മലയാളമാസങ്ങൾ,നക്ഷത്രങ്ങൾ എന്നിവയ്ക്കു പ്രാധാന്യമുള്ള കലണ്ടറുകൾ എല്ലാ ഇല്ലങ്ങളിലുമുണ്ടാകണം.അതത്മാസങ്ങളിൽ ആചരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചെറുവിവരണവും ഉണ്ടാകണം.ആചാരങ്ങളെ കുറിച്ച് പുത്തൻ തലമുറയിലേക്ക് പകർന്നുകൊടുക്കുമ്പോഴാണ് നമ്മുടെ സംസ്കാരത്തിന്റെ കൈമാറ്റം നടക്കുന്നത്.ഈ ദിശയിലേക്കുകൂടി സഭാപ്രവർത്തനങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.


ഈ പ്രവർത്തനത്തിൽ പങ്കാളികളായവർക്ക് നന്ദി.....

എല്ലാവർക്കും

“ശാന്തിരസ്തു.പുഷ്ടിരസ്തു. ഋദ്ധിരസ്തു.അവിഘ്നമസ്തു.ശിവം കർമ്മാസ്തു"

25



ഉള്ളടക്കം

പേജ്